കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കരുനാഗപ്പള്ളി നഗരസഭയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ക്ലറിക്കൽ തസ്തികയിൽ 3 പേരെയും ശുചീകരണ പ്രവർത്തനങ്ങൾക്കായി 5 പേരെയും 6 മാസക്കാലയളവിലേയ്ക്ക് ദിവസ വേതനാടിസ്ഥാനത്തിൽ താത്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.511/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 08/02/2016.

---

പരാമർശം : കരുനാഗപ്പള്ളി നഗരസഭാ ചെയർപേഴസൺ സമർപ്പിച്ച 201/01/2016 ലെ ജി1-1384/16 നമ്പർ കത്ത്.

ഉത്തരവ്

2014 ൽ സെക്കന്റ് ഗ്രേഡായി ഉയർത്തപ്പെട്ട കരുനാഗപ്പള്ളി നഗരസഭയിലെ ജോലിഭാരം വർദ്ധിച്ചതിനനുസരിച്ച് ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടില്ലാത്തതിനാൽ വിവിധ വിഭാഗത്തിലുള്ള ആശുപത്രികൾ,വിദ്യാഭ്യാസ സ്ഥാപനങ്ങൾ,വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കേണ്ട നികുതി,നികുതിയേതര വരുമാനങ്ങൾ സമയബന്ധിതമായി പിരിച്ചെടുക്കുവാനോ പൊതുജനങ്ങൾക്ക് ആവശ്യമായ സേവനം ലഭ്യമാക്കാൻ നിലവിലെ ഉദ്യോഗസ്ഥരെ വച്ച് കഴിയുന്നില്ല എന്ന് കരുനാഗപ്പള്ളി നഗരസഭാ ചെയർപേഴ്സൺ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടി സാഹചര്യത്തിൽ നഗരസഭയിലെ ജോലി ഭാരത്തിനനുസൃതമായി താത്കാലികാടിസ്ഥാനത്തിൽ 5 ക്ലാർക്ക്,5 എൽ.ഡി.സി/ബിസി,3 ജെ.എച്ച്.ഐ,2 അറ്റന്റർ,15 ശുചീകരണത്തിനുള്ള താത്കാലിക ജീവനക്കാർ,3 ഓവർസീയർമാർ എന്നിവരെ ദിവസ വേതനാടിസ്ഥാനത്തിൽ അനുവദിക്കാൻ കരുനാഗപ്പള്ളി നഗരസഭാ ചെയർപേഴ്സൺ സർക്കാരിനോട് അപേക്ഷിച്ചിരിക്കുന്നു.

കരുനാഗപ്പള്ളി നഗരസഭാ ചെയർപേഴ്സൺന്റെ അപേക്ഷ പരിഗണിച്ച് നഗരസഭയിലെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി ക്ലറിക്കൽ തസ്തികയിൽ 3 പേരെയും മാലിന്യ നിർമ്മാണ പ്രവൃത്തികൾക്കായി 5 പേരെയും നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി 6 മാസക്കാലത്തേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ താത്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

രത്നമ്മ,
ജോയിന്റ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി/ചെയർമാൻ, കരുനാഗപ്പള്ളി നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.